മാതൃഭൂമി 2017 ഡിസംബർ 15

നിർദേശം ഹൈക്കോടതിയുടേത്

# കെ.പത്മകുമാറിനെ റിയാബ് സെക്രട്ടറിയാക്കി തിരിച്ചെടുക്കാൻ നിർദേശം

**20 ദിവസത്തിനകം അനുകൂല തീർപ്പിനാണ് നിർദേശം**

**സസ്പെൻഷൻ നീണ്ടു പോകുന്നത് ശിക്ഷയ്ക്ക് സമാനമാണെന്ന് കോടതി**

**അന്വേഷണം കാലതാമസമില്ലാതെ പൂർത്തിയാക്കണം**

**കൊച്ചി ▸** ഒരുകൊല്ലത്തിലധികമായി സസ്പെൻഷനിലുള്ള കെ. പത്മകുമാറിനെ റിയാബ് (പബ്ലിക് സെക്ടർ റീ-സ്ട്രക്ചറിങ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ്) സെക്രട്ടറിപദവിയിൽ തിരിച്ചെടുക്കേണ്ടതാണെന്ന് ഹൈക്കോടതി.

പത്മകുമാർ സമർപ്പിച്ച നിവേദനത്തിൽ 20 ദിവസത്തിനകം അനുകൂല തീർപ്പിനാണ് സിംഗിൾ ബെഞ്ച് നിർദേശം. മലബാർ സിമന്റ്സ് അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ ഹർജിക്കാരൻ 48 മണിക്കൂർ കസ്റ്റഡിയിലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു സസ്പെൻഷൻ. ഇതിനെ ശിക്ഷയായി കാണാനാവില്ല. എന്നാൽ, സസ്പെൻഷൻ അനിശ്ചിതമായി നീണ്ടുപോകുന്നത് ശിക്ഷയ്ക്ക് സമാനമാണെന്ന് കോടതി വിലയിരുത്തി.

ഹർജിക്കാരൻ 2016 സെപ്റ്റംബർ മുതൽ 15 മാസമായി സസ്പെൻഷനിലാണ്. അത് തുടരുന്നത് ന്യായീകരിക്കാനാവില്ല.

അഴിമതിക്കേസിലെ അന്വേഷണം കാലതാമസമില്ലാതെ പൂർത്തിയാക്കാനും കോടതി നിർദേശിച്ചു.

THE TIMES OF INDIA,

DECEMBER 14, 2017

# Reinstate Padmakumar as RIAB secy: HC

LaxmiPrasanna.Ajai
@timesgroup.com



**Pointing out that prolonged suspension (about 15 months) amounts to punishment, a single bench directed that K Padmakumar be reinstated as expeditiously as possible or within 20 days from December 7**

**Thiruvananthapuram:** The high court has directed the state industries secretary to reinstate Malabar Cements Ltd (MCL) former MD K Padmakumar as secretary of the Public Sector Restructuring and Internal Audit Board (RIAB). Prolonged suspension for over 15 months amounts to punishment, the court held. The court has also directed to expedite the investigation which has been going on for the last two years.

Padmakumar was suspended from service on September 5, 2016 under Rule 10 (3) the of Kerala Civil Services Rules 1960 after he was taken into custody for more than 48 hours in connection with a vigilance case which is still under investigation.

Pointing out that prolonged suspension (about 15 months) amounts to punishment the single judge bench, led by Justice B Sudheendra Kumar J directed that Padmakumar be reinstated as expeditiously as possible or within a period of 20 days from December 7.

Padmakumar had pleaded before the court that he was illegally arrested and suspended from service in violation of guidelines. He was serving as the secretary of RIAB when he was appointed as the MD of MCL. He was arrested on charges of corruption and alleged irregularities in awarding dealership that led to a financial loss of Rs 2.7 crore to the company. He was subsequently granted bail by the vigilance court on September 9.

It has been pointed out that board-approved incentives were given based on MCL's pricing policy of 2010 while Padmakumar took charge only in October 2011. Moreover, MCL made Rs 19 crore profit in 2014-15 and it doubled to Rs 39 crore during 2015-16.

VACB's legal experts had stated that the allegations against MCL were raised after Padmakumar served a recovery notice against controversial businessman VM Radhakrishnan's firm, with which MCl had entered into a contract for cement retailing.

Another case against him was that MCl stocked just 1% of the cement produced at the godowns of the Kerala State Warehousing Corporation.

Yet another case pertained to the alleged loss suffered by MCL after it started using imported clinker (a crucial raw material for cement production).

The fourth case was registered over the non-payment of Rs 8.25 crore interest due to the government and over not collecting fine of Rs 7 crore from a private coal supplier. Another FIR filed against him pertained to the alleged loss of Rs 14.49 crore suffered by MCL in 2007-10, that is, before he had taken charge as the firm's MD.

The move by VACB former director Jacob Thomas has hit the MCL badly, said many industry officials. The MCL has suffered losses to the tune of Rs 16 crore during 2016-17. About 60,000 tonnes of clinker worth Rs 25 crore has been turning to hard rock due to unscientific storage. In addition, the firms has lost its market share to private sector, they said.

It may be reminded that former state chief secretary SM Vijayanand had said that the VACB has violated even the directions of the high court by arresting the individual without any justifiable reason. "It has weakened the PSU....It is quite possible that there is a kind of conspiracy at least at lower level in this regard".

THE TIMES OF INDIA

JULY 24, 2017

# High court seeks status report from vigilance

TIMES NEWS NETWORK

**Thiruvananthapuram:** The high court has sought a report from the vigilance and anti-corruption bureau (VACB) in the Malabar Cements graft case, on the progress of the investigation and the evidence collected by the agency against former managing director of the company K Padmakumar.

The directive by the single bench was on the basis of a petition filed by Padmakumar that court should intervene to save him from the 'illegal coercive steps taken by the VACB to harm him, as his arrest and suspension was totally illegal and malicious'.

In the writ petition filed before the court, Padmakumar said that he was a victim of the manipulation and distortion of facts by the then vigilance director Jacob Thomas and the then home secretary Nalini Netto, who is currently the chief secretary.

He said that in 2014, the vigilance inspector who had conducted the quick verifications on the company recommended registration of vigilance cases, without recording the statements of Padmakumar who was the managing director of the company, but the additional director (prosecutions) of the vigilance and the then director of VACB remarked that the report was not based on facts. The government also remarked that no vigilance inquiry was required in the matter.

## MALABAR CEMENTS GRAFT CASE

But in 2016, the then additional chief secretary (home and vigilance) and the then director of VACB (Nalini Netto and Jacob Thomas respectively) did not disclose the earlier decisions of VACB and the government before the court, when the petitioner Joy Kaitharath approached the court.

Padmakumar further said that the court condemned their actions and directed the VACB on July 8, 2016 to either register FIRs pertaining to the quick verification or to submit the legal position, within a week, as to why the direction laid down by the Supreme Court in Lalithakumari Vs State of Uttar Pradesh case was not applicable in this case. Immediately on the next day itself, without reporting the legal position, the deputy superintendent of police of the Palakkad unit of VACB hastily registered an FIR by misrepresenting court order that he had got directives from the high court to do so. When he was arrested, while the law secretary remarked that the arrest was a gross violation of the Supreme Court guidelines, the (then) chief secretary remarked that it was quite possible that there was a kind of conspiracy at least at the lower levels in VACB, he said.

But, Nalini Netto suppressed the earlier decisions of VACB and the government on the quick verification to initiate suspension order. The actions of the then additional chief secretary (home and vigilance), who was presently the chief secretary and the VACB using their positional power showed the height of manipulation done to harm an innocent person and put his life in jeopardy, Padmakumar argued in his petition.

THE NEW INDIAN EXPRESS
15.03.2017

DUBIOUS DEAL

# Jacob Thomas vs Jacob Thomas as 50 acres up for grabs

**LANDING IN TROUBLE**

Purchased land in Sethur village, Rajapalayam taluk, Virudhunagar district, TN, in 2001. The two sales deeds - 1905/2001 and 1906/2001 - on November 15, 2001 were registered before the sub-registrar in Sethur

**40.5 acres of land purchased from 22 people through their Power of Attorney holder**

A L Velayudharaja of Tenkasi (sale deed 1905/2001)

**Another 9.83 acres of land purchased from 11 people through Power of Attorney holder T K Varkey of Tenkasi (sale deed 1906/2001)**

The address of the buyer has been given as Director, ISRA Agro Tech Systems Pvt Ltd., S/79, Ist Floor, GCDA Complex, Ernakulam, Kerala



EXPRESS NEWS SERVICE @ T'Puram

ACCORDING to available documents it appears that Vigilance Director Jacob Thomas was involved in a benami deal or has hidden his identity while purchasing around 50 acres of land in Tamil Nadu. Days after a petition was filed before the Kerala High Court seeking a probe into the land deals of Jacob Thomas, the sale documents of the said property, which he allegedly bought in Sethur village, TN, in 2001, revealed some startling facts.

As per the two sale deeds - 1905/2001 and 1906/2001 - registered before the Sub Registrar, Sethur, on November 15 2001, 50.33 acres of land was purchased from 33 persons by Jacob Thomas, Director, ISRA Agro Tech Systems Pvt Ltd, S/79, Ist Floor, GCDA Complex, PB No 2710, Ernakulam, Kerala. The sale deeds, accessed by Express, make it clear that an individual purchased the land and not the company.

Curiously, the same address is shared by another establishment - Princy World Travels. It has been alleged ISRA Agro Tech Systems is a company floated for land transactions. Incidentally, as per its master data, ISRA Agro Tech Systems does not have Jacob Thomas as its director and two other names have been shown as its directors from 3/10/2000.

Despite repeated attempts by 'Express', Jacob Thomas' response to the allegations was limited to a sentence. "Abhimanyu has unfortunately passed beyond the entrance of Padmavyuham" - (verbatim quote from his text message) - were his only words.

Meanwhile, Michael Varghese, who's pursuing the complaint before the High Court, alleged the property was purchased by Jacob Thomas and he had mentioned it in his property statements in 2002-03. "The land purchase was made by the same Jacob Thomas, who's currently the Vigilance chief," he said. According to him, it's rather clear the 50 acres of dry land, disclosed in the name of his wife, was purchased by Jacob Thomas, but a false declaration was given before Union Government. The 50 acres has not found a mention in his latest assets declaration - a violation of Rule 16(2) of AIS Conduct Rules.




Grab of one of the sale deeds that shows the land purchase of Jacob Thomas

മാതൃഭൂമി

2017 • മാർച്ച് 15

# ജേക്കബ് തോമസ് പുറത്തേക്ക്

## വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്ന് മാറ്റും

എസ്.ഡി. സതീശൻ നായർ



ജേക്കബ് തോമസ്

**കോട്ടയം:** ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്ന് പുറത്തേക്ക്. സി.പി.എമ്മിലും സർക്കാരിലും ഉദ്യോഗസ്ഥതലത്തിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോട് അതൃപ്തിവർധിച്ച സാഹചര്യത്തിലാണിത്. നടപടി ഏറെ വൈകാതെയുണ്ടാകും.

ഹൈക്കോടതി വിജിലൻസിനെതിരെ നടത്തിയ പരാമർശങ്ങളും നിർണായകമാകുന്നുണ്ട്. ജേക്കബ് തോമസിനൊപ്പം മറ്റുചില ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാർക്കും മാറ്റമുണ്ടാകും. മൂന്നാറിലെ ഭൂമികൈയേറ്റത്തിനെതിരെ ശക്തമായ നിലപാടെടുത്തിട്ടുള്ള സബ് കളക്ടർ ശ്രീറാം വെങ്കിട്ടറാമാണ് ഇതിലൊരാൾ.

ഇ.പി. ജയരാജൻ മന്ത്രിയായിരിക്കെ നടന്ന നിയമനത്തിൽ സ്വജനപക്ഷപാതമുണ്ടെന്ന് ജേക്കബ് തോമസ് മുഖ്യമന്ത്രിയെ ധരിപ്പിച്ചിരുന്നു. എന്നാൽ, ഈ നിലപാട് അംഗീകരിക്കാൻ സി.പി.എം. തയ്യാറല്ല. പാർട്ടിയുടെ രാഷ്ട്രീയതാത്പര്യം സംരക്ഷിക്കാൻ തന്റെ അഴിമതിവിരുദ്ധ പ്രതിച്ഛായ ബലികൊടുക്കാൻ ജേക്കബ് തോമസും ഒരുക്കമല്ല.

സ്പോർട്സ് ലോട്ടറിയുമായി ബന്ധപ്പെട്ട കേസിൽ ടി.പി. ദാസനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചതും സി.പി.എമ്മിനെ ബുദ്ധിമുട്ടിക്കുന്നു. ജേക്കബ് തോമസിനെ നിയന്ത്രണമില്ലാതെ പ്രവർത്തിക്കാൻ അനുവദിക്കരുതെന്ന ആവശ്യം പാർട്ടിനേതൃത്വം മുഖ്യമന്ത്രിയെ അറിയിച്ചെന്നാണ് സൂചന.

സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥ സംഘടന ജേക്കബ് തോമസിനെതിരെ പരസ്യമായി നിലപാടെടുത്തിട്ടുണ്ട്. മുമ്പ് തനിക്കെതിരായ നീക്കങ്ങൾക്കെല്ലാം സംരക്ഷണംതേടി ജേക്കബ് തോമസ് സമീപിച്ചിട്ടുള്ളത് മുഖ്യമന്ത്രിയെയാണ്. എന്നാൽ, ഇപ്പോൾ മുഖ്യമന്ത്രിയും അദ്ദേഹത്തെ പൂർണമായി തുണയ്ക്കുന്നില്ല. വിജിലൻസിനെതിരെ ചില ഹൈക്കോടതി പരാമർശങ്ങൾ വന്നയുടനെ, വിജിലൻസിന്റെ പ്രവർത്തനത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ മുഖ്യമന്ത്രി വിളിച്ച യോഗം തീരുമാനിച്ചിരുന്നു. ഇ.പി. ജയരാജനെതിരായ കേസിൽ, സ്വജനപക്ഷപാതമുണ്ടെന്നത് അന്വേഷണോദ്യോഗസ്ഥന്റെ നിഗമനം മാത്രമാണെന്നും സർക്കാരിന് അങ്ങനെയൊരു നിലപാടില്ലെന്നും സർക്കാർ കോടതിയിൽ വെളിപ്പെടുത്തിയതും ശ്രദ്ധേയമാണ്.

സബ്കളക്ടർ ശ്രീറാം വെങ്കിട്ടറാമിനെ ഉടനെ മാറ്റുമെന്നാണ് വിവരം. ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ കൈയേറ്റഭൂമിയൊഴിപ്പിക്കാൻ സബ്കളക്ടർ നടത്തുന്ന നീക്കങ്ങളോട് കടുത്ത എതിർപ്പാണ് സി.പി.ഐ.യും സി.പി.എമ്മും പുലർത്തുന്നത്. ഇരുകക്ഷികളുടെയും ജില്ലാനേതൃത്വവും മന്ത്രി എം.എം. മണിയും സബ്കളക്ടറെ മാറ്റണമെന്ന ആവശ്യവുമായി രംഗത്തുണ്ട്.

മലയാള മനോരമ

2017 മാർച്ച് 9

# വിജിലൻസ് ഇനി നേരിട്ട് കേസെടുക്കില്ല

തിരുവനന്തപുരം● വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നേരിട്ട് കേസെടുക്കുന്നതിൽ നിന്നു പിന്മാറുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലാണു തീരുമാനം. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കെതിരെ ഹൈക്കോടതിയുടെ നിരന്തര വിമർശനങ്ങൾ വരുന്ന പശ്ചാത്തലത്തിലായിരുന്നു യോഗം.

വിജിലൻസിനു ലഭിക്കുന്ന പരാതികളിൽ ഇനി നേരിട്ടു കേസെടുക്കില്ല. പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന്റെ പരിശോധനകൾക്ക് അയയ്ക്കും. അവർ പരിശോധിച്ചു പരാതിയിൽ കഴമ്പുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യും. തുടർന്നായിരിക്കും കേസെടുക്കുക. എഡിജിപി: ശങ്കർ റെഡ്ഡിക്കു സ്ഥാനക്കയറ്റം നൽകിയതിനെതിരെ വിജിലൻസ് കേസെടുത്തിരുന്നു. ഇതിനെതിരെ ഹൈക്കോടതി പരിഗണിച്ച അപ്പീൽ തീർപ്പാക്കുന്നതിനിടയിലായിരുന്നു രൂക്ഷമായ വിമർശനമുണ്ടായത്.

THE HINDU • SUNDAY, JANUARY 8, 2017

# IAS officers plan mass leave on Monday

## Move in protest against the Vigilance and Anti-Corruption Bureau targeting their colleagues

SPECIAL CORRESPONDENT

**THIRUVANANTHAPURAM:** In an unprecedented development, scores of Indian Administrative Service (IAS) officers have applied for a half-day leave on Monday in protest against what they have termed 'disturbing developments that affect the morale of the civil service, on account of the abuse of power on the part of the Vigilance Director and Anti-Corruption Bureau.'

The officers sent in their leave requests after a meeting of several IAS officers on Saturday evening in the wake of the Vigilance and Anti-Corruption Bureau(VACB) implicating Additional Chief Secretary (Industries) Paul Antony as the third accused in a case relating to the appointment of a relative of former Industries Minister E.P. Jayarajan as Managing Director of the public sector Kerala State Industrial Enterprises (KSIE) Limited. The officers are upset that the VACB is targeting IAS officers, especially giving signs that moves are afoot to implicate officers such as Revenue Secretary P.H. Kurien, Health Secretary Rajeev Sadanandan and even Chief Secretary S.M. Vijayanand in Vigilance cases.

### Calls for intervention

A senior officer told *The Hindu* on Saturday that the morale of the officers was so low that the government machinery was faced with a major crisis. "There will have to be an urgent intervention by the political leadership to salvage the situation," the officer said.

> 'The morale of the officers is so low that the government machinery is facing a major crisis.'

"We are requesting our colleagues of the Kerala IAS to avail one day's casual leave on January 9, 2017, to express our sadness, frustration, and professional dissatisfaction and to show our solidarity with our aggrieved colleagues, in allowing the present Vigilance Director to continue abusing his powers. While doing so, we request all officers who are attending to emergency duties of law and order or other critical duties, particularly in the posts of District Collector and Sub Collectors, to be in their offices and attend to their work, while expressing their solidarity with this sentiment by availing one day's casual leave," said a note released to the media by the IAS officers after a meeting. The officers pointed out that Mr. Antony had only 'implemented the written instructions of the Minister, in accordance with Circular No. 25208/D2/09/id DATED 15.2.2010 UNDER THE Rules of Business that confers sole powers of such appointments in the Industries Department to the Minister. We are unable to understand how obeying the written instructions of a Minister, which is not in violation of any Act or Statute, can be deemed illegal and how such an officer can be implicated in a criminal case," the officers said.

The IAS officers are of the view that the Vigilance Director's action against Mr. Antony was 'motivated in vindictive retaliation,' primarily due to the fact that he took the view that the arrest of K. Padmakumar, former Managing Director, Malabar Cements Limited, was in gross violation of all legal norms and principles of natural justice. They have also raised the question why the government has not taken any action against the Vigilance Director despite the existence of several files 'which establish clearly' that the Vigilance Director while working as Director of Ports has caused the loss of an amount approximately Rs.35-50 crore to the government.

2016 നവംബർ 13 മലയാള മനോരമ

# അന്വേഷണത്തിനു പിന്നിൽ ഗൂഢാലോചന: കെ.എം.ഏബ്രഹാം

## • തനിക്കെതിരെ നടത്തിയെന്നു കൊട്ടിഘോഷിക്കുന്ന പരാമർശങ്ങൾ സുപ്രീം കോടതി തന്നെ നീക്കംചെയ്തിരുന്നു

കൊച്ചി • വരവിൽ കവിഞ്ഞു സ്വത്ത് സമ്പാദിച്ചു എന്ന പരാതിയിൽ തനിക്കെതിരെ നടക്കുന്ന അന്വേഷണത്തിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്നു ധനകാര്യ വകുപ്പ് അഡിഷനൽ ചീഫ് സെക്രട്ടറി കെ.എം.ഏബ്രഹാം. നല്ല ഒരു ഏജൻസിയെ കോടതി അന്വേഷണംഏർപ്പെടുത്തിയാൽ ഒരാഴ്ചയ്ക്കകം ഗൂഢാലോചന പുറത്തു കൊണ്ടുവരാം-മനോരമ ന്യൂസ് ചാനലിൽ 'നേരെ ചൊവ്വേ' പരിപാടിയിൽ ഏബ്രഹാം പ്രതികരിച്ചു.

കശുവണ്ടിവികസന കോർപറേഷനിലെ അഴിമതി റിപ്പോർട്ടു ചെയ്തശേഷം തനിക്ക് ഒരുപാടു തിക്താനുഭവങ്ങൾ ഉണ്ടായി. ആ റിപ്പോർട്ട് നൽകിയശേഷമാണു തന്റെ സ്വത്തുവിവരങ്ങൾ സംബന്ധിച്ചു പരാതിയുണ്ടായത്. പിന്നാലെ ഭാര്യയുടെയും മകളുടെയും സ്വത്തു തിരക്കി. 15,000 രൂപയുടെ സാധനങ്ങൾ വാങ്ങിയതിനെക്കുറിച്ചുവരെ ചോദിച്ചു. നിയമ സെക്രട്ടറി വഴി മുൻ വിജിലൻസ് ഡയറക്ടർക്കു തന്റെ സ്വത്തു വിവരം സംബന്ധിച്ചു കത്തു കൈമാറിയിരുന്നു. വിജിലൻസ് അത് കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിൽ ത്വരിത പരിശോധന എന്ന നടപടി ഉണ്ടാവില്ലായിരുന്നു.

വിജിലൻസ് ഈവിവരം കോടതിക്കു കൈമാറാതിരുന്നത് എന്തുകൊണ്ടെന്ന് അറിയില്ല. വീട്ടിൽ നടത്തിയ വിജിലൻസ് പരിശോധന 35 വർഷത്തെ ഔദ്യോഗിക ജീവിതത്തിലെ വലിയ ആഘാതമായിരുന്നു. പരിശോധന നടത്തിയ അന്നുരാത്രി വീട്ടിൽ ചെല്ലുമ്പോൾ മാതാവിന്റെ രൂപത്തിനുമുന്നിൽ കൊന്തചൊല്ലിക്കൊണ്ടിരുന്ന ഭാര്യയെയാണു കണ്ടത്. തന്നെ കണ്ടപ്പോൾ സങ്കടം അണപൊട്ടി. പരിശോധനയ്ക്കു വന്നവർ മാന്യമായാണു പെരുമാറിയത്. എങ്കിലും ഒഴിവാക്കാമായിരുന്ന പരിശോധനയായിരുന്നു അത്.

വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് അറിയാതെയാണു പരിശോധന നടന്നതെന്നു പറഞ്ഞതു മുഖവിലയ്ക്ക് എടുക്കുന്നു. രാവിലെനടന്ന പരിശോധന ഡയറക്ടറുടെ അറിവോടെയല്ലെന്നു മനസ്സിലായതു മൂന്നുമണിയോടെയാണ്. ജേക്കബ് തോമസ് മനഃപൂർവം തനിക്കെതിരെ നീങ്ങിയതല്ലെന്നു വിശ്വസിക്കാൻ ആഗ്രഹിക്കുന്നു.

കശുവണ്ടിവികസന കോർപറേഷൻ ചെയർമാൻ ആർ.ചന്ദ്രശേഖരനും ജോമോൻ പുത്തൻപുരയ്ക്കലും മറ്റുമാണോ ഗൂഢാലോചനയിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന ചോദ്യത്തിന് പേരുകൾ പറയാൻ താനില്ല എന്നായിരുന്നു കെ.എം.ഏബ്രഹാമിന്റെ മറുപടി.

നിയമസഭയിൽ മുഖ്യമന്ത്രി തന്നെ ന്യായീകരിച്ചതു ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ അംഗീകാരമാണ്. അദ്ദേഹം ജേക്കബ് തോമസിനെയും ന്യായീകരിച്ചു. എങ്കിലും തന്നെ പിന്തുണച്ചതാണു തനിക്കു പ്രധാനം. ശിവദാസമേനോനും ഉമ്മൻചാണ്ടിയുമൊക്കെ പിന്തുണച്ചു. സെബിയിൽ അംഗമായിരിക്കുമ്പോൾ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് എഴുതിയ കത്ത് തനിക്കെതിരെ തിരിച്ചുവിടാൻ ശ്രമമുണ്ടായി. ഇപ്പോൾ ഗൂഢാലോചന നടത്തുന്നവർ തനിക്കെതിരെ സുപ്രീം കോടതി നടത്തിയ പരാമർശങ്ങൾ എടുത്തുകാട്ടുന്നുണ്ട്. പക്ഷേ, താൻ കക്ഷിചേരാതെ തന്നെ സുപ്രീം കോടതി ആ പരാമർശങ്ങൾ നീക്കംചെയ്യുകയും തന്റെ സർവീസിനെ അതു ബാധിക്കരുതെന്നു വ്യക്തമാക്കുകയും ചെയ്തിരുന്നു. പരാതിക്കാർക്കുവേണ്ടി ഹാജരായ ശാന്തിഭൂഷൺ തന്നെയാണു കക്ഷിചേരാൻ അവസരം കിട്ടാത്ത തനിക്കുവേണ്ടിസുപ്രീംകോടതിയിൽ ഈ അഭ്യർഥന നടത്തിയത്.- അദ്ദേഹം പറഞ്ഞു.നേരേചൊവ്വേയുടെ പുനഃസംപ്രേഷണം ഇന്ന് 3.15നു മനോരമ ന്യൂസിൽ.

മലയാള മനോരമ

2016 നവംബർ 11

# മലബാർ സിമന്റ്സിന് രണ്ടു മാസം കൊണ്ട് ആറു കോടിയിലേറെ നഷ്ടം

പി.കിഷോർ

കൊച്ചി ● സാമ്പത്തിക വർഷത്തിലെ ആദ്യ ഏഴു മാസം കൊണ്ട് 20 കോടി ലാഭമുണ്ടാക്കിയ മലബാർ സിമന്റ്സ് കഴിഞ്ഞ രണ്ടു മാസം കൊണ്ടുണ്ടാക്കിയ നഷ്ടം ആറു കോടിയിലേറെ. വിജിലൻസ് കേസിനെ തുടർന്നു നാഥനില്ലാത്ത അവസ്ഥ വന്നതോടെയാണു കേരളത്തിലെ ഏറ്റവും ലാഭമുള്ള പൊതുമേഖലാ സ്ഥാപനം നഷ്ടത്തിലേക്കു കൂപ്പുകുത്തിയത്.

സെപ്റ്റംബർ 15 വരെ കമ്പനി ലാഭത്തിലായിരുന്നു. മാസം 50000 ടൺ മുതൽ 55000 ടൺ വരെ സിമന്റ് ഉൽപാദനം നടന്നു. അതു വിറ്റ് മാസം 40 കോടി രൂപ വിറ്റുവരവു നേടിയിരുന്നു. വിപണിയിൽ സ്വകാര്യ സിമന്റ് കമ്പനികളേക്കാൾ ചാക്കിന് 25 രൂപ കുറച്ചു വിറ്റിട്ടും മാസം മൂന്നു കോടി രൂപ ശരാശരി ലാഭമാണുണ്ടായത്.

ലാഭം നേടുന്നതിനു പുറമേ നാലു കോടി രൂപ വാറ്റ് നികുതിയായും നാലര കോടി രൂപ എക്സൈസ് ഡ്യൂട്ടിയായും സർക്കാരിനു വരുമാനവും നൽകിയിരുന്നു. കഴിഞ്ഞ രണ്ടു മാസമായി ഇതൊന്നും ഇല്ലെന്നു മാത്രമല്ല, നഷ്ടം 6.17 കോടി രൂപയായി. സിമന്റ് ഉൽപാദനം കുത്തനെ ഇടിയുകയും ചെയ്തു. 80 കോടിയുടെ ബിസിനസാണ് രണ്ടു മാസം കൊണ്ടു നഷ്ടപ്പെട്ടതായി കണക്കാക്കുന്നത്.

പുതിയ എംഡി കഴിഞ്ഞ ദിവസം ചുമതലയേറ്റെങ്കിലും പരിഹരിക്കേണ്ട പ്രശ്നങ്ങൾ വലുതാണ്. ദർഖാസുകളിൽ സപ്ളൈയർമാർ പങ്കെടുക്കുന്നില്ല. കൽക്കരിക്കു വില ടണ്ണിന് 2000 രൂപ കൂടി. കമ്പനിക്ക് വർഷം എട്ടു കോടി രൂപ അധികച്ചെലവുണ്ടാക്കുന്നതാണിത്. ഫ്ളൈ ആഷ് എടുക്കാത്തതിന്റെ പേരിൽ കരാർ കമ്പനിക്കു പെനാൽറ്റി കൊടുക്കേണ്ടി വരുമെന്ന സ്ഥിതിയുമുണ്ട്.

വിപണിയിൽ ഇപ്പോൾ മലബാർ സിമന്റ് കിട്ടാനില്ല. നേരത്തേ ചാക്കിന് 405 രൂപയ്ക്കായിരുന്നു വിറ്റിരുന്നത്. സ്വകാര്യ കമ്പനികൾ 430-440 രൂപയ്ക്കു സമിന്റ് വിറ്റിരുന്ന സ്ഥാനത്ത് ഉപഭോക്താക്കൾക്ക് വിലക്കുറവുണ്ടായിരുന്നു.

SUNDAY TIMES OF INDIA,

OCTOBER 30, 2016

# Real bribes for virtual job recruitments in MCL

## Bribes From ₹5-10 Lakh Paid To Middle Men From Mannarkad

LaxmiPrasanna.Ajai
@timesgroup.com

**ZERO TRANSPARENCY**

- The vigilance sleuths turn a blind eye to the blatant corruption of taking bribes from poor for virtual recruitments for lower level jobs in PSUs such as Malabar Cements Limited (MCL)
- Bribes ranging from **₹5-10 lakh** had been paid by people, majority of them being economically backward, to the middle men from Mannarkad
- There have been no jobs in MCL which is on the verge of closure
- MCL operations have come to a standstill since the last few months; there is no clinker production as there are no raw material stocks of laterite and imported coal



**Thiruvananthapuram:** When a flurry of vigilance cases are registered against officials of the Public Sector Undertakings (PSUs), the vigilance sleuths turn a blind eye to the blatant corruption of taking bribes from poor for virtual recruitments for lower level jobs in PSUs such as Malabar Cements Limited (MCL). Now, production has come to a standstill at MCL and families dependant on the PSUs are anxious over consequent closure of the unit. Bribes ranging from Rs 5-10 lakh had been paid by people, majority of them being economically backward, to the middle men from Mannarkad.

Sources told that an aggrieved woman had mortgaged her one acre land for a bank loan and paid an initial bribe of Rs 5 lakh assuring to pay the remaining on joining to an agent at Mannarkad on the assurance to secure a job at MCL. Other two aggrieved persons also indicated that they had paid bribes worth Rs 5 lakh and Rs 1 lakh each to the middlemen at MCL for getting into unskilled job there.

When contacted a labour union leader at MCL told TOI that he along with the aggrieved had approached the vigilance office at Palakkad, but they had not registered a case indicating that there was no evidence, when there was enough proof from the aggrieved. "We got hold of the middleman, but we were told that Mannarkad agent has already left for Gulf and he has called up to assure that he will repay the bribes later. We have also approached the police at Walayar, but since the incident happened at Mannarkad, they had refrained from filing a case. Now, the aggrieved have approached a lawyer and a legal notice will be issued against the fraudsters," a labour union leader at MCL said.

"When over 350 contract workers, including 260 contract workers who have been working consistently since the last two decades at MCL, are not considered for permanent posting for unskilled staff, agents with the support of insiders take bribes from candidates offering jobs," said a trade union leader indicating that his union members have organized protest against such corrupt practices and submitted representation to the previous government.

Official sources in the industry told that such practice of taking bribe was for the virtual recruitments as there could be no jobs in MCL which was on the verge of closure. "MCL operations have come to a standstill since the last few months, there is no clinker production as there are no raw material stocks of laterite and imported coal. MCL has lost a monthly sale of 70,000 metric tonnes of cement," said MCL sources.

THE HINDU • FRIDAY, OCTOBER 28, 2016

# Search at IAS officer's home annoys fraternity

SPECIAL CORRESPONDENT

**THIRUVANANTHAPURAM:** Anger and annoyance appear to be spreading among Indian Administrative Service (IAS) fraternity in the State over Vigilance investigations against several of them and Additional Chief Secretary (Finance) K.M. Abraham's home being 'searched without warrant' by Vigilance sleuths on Wednesday.

A two-member delegation of IAS officers called on Chief Secretary S.M. Vijayanand on Wednesday morning to convey their protest against the Vigilance action which, though by way of a follow up on a court order, smacked of vindictiveness.

The Vigilance team, the IAS officers' delegation said, did not have any warrant for conducting the search. A six-member team of Vigilance sleuths had knocked on the door of the Additional Chief Secretary's apartment in the capital on Wednesday evening with a questionnaire and taken the measurement of the apartment, besides eliciting information from his wife.



K.M. Abraham

## Court order

Mr. Abraham was in his office at the Secretariat at the time. The 'search' was a follow up on an order issued by Inquiry Commissioner and Special Judge (Vigilance) A. Badarudeen based on a complaint filed by Jomon Puthenpurackal, a public interest litigant, alleging that Mr. Abraham had repeatedly failed to report his assets to the government.

It is not just Mr. Abraham, widely seen as an upright officer, who has been put under the Vigilance lens. Earlier this month, the VACB had initiated a re-investigation into a disproportionate assets case against the Public Works Secretary and, still earlier, in September, the VACB had arrested K. Padmakumar, Managing Director, Malabar Cements Limited, over alleged irregularities in allotment of dealership, import of clinker and procurement of raw materials.

Mr. Padmakumar, with a clean track record, was with the Public Sector Restructuring and Internal Audit Board (RIAB) under the last Left Democratic Front (LDF) government. He was arrested after being summoned for questioning.

"There are very corrupt IAS and other officers, but unfortunately it is clean officers such as Mr. Abraham and Mr. Padmakumar who are being targeted. This should not happen. This will only result in the corrupt escaping the arms of law and those who are above board getting disillusioned," said former State Planning Board member G. Vijayaraghavan when asked to comment on the development.

മലയാള മനോരമ

2016 സെപ്റ്റംബർ 27

# ജേക്കബ് തോമസിനെതിരെ ഐഎഎസ്കാരുടെ പരാതി

സ്വന്തം ലേഖകൻ

തിരുവനന്തപുരം● വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിന്റെ ചട്ടവിരുദ്ധ നടപടികൾക്കെതിരെ മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥരുടെ പരാതി. ചീഫ് സെക്രട്ടറി വിളിച്ച വകുപ്പു മേധാവികളുടെ യോഗത്തിൽ ഉന്നയിച്ച പരാതി പിന്നീട് മുഖ്യമന്ത്രി പിണറായി വിജയനെ നേരിൽക്കണ്ടും ഉദ്യോഗസ്ഥർ അറിയിച്ചു.

വകുപ്പു മേധാവികളെപ്പോലും അറിയിക്കാതെ ഉദ്യോഗസ്ഥർക്കെതിരെ കേസ് റജിസ്റ്റർ ചെയ്യുന്നതും അറസ്റ്റ് ഉൾപ്പെടെ നടപടികളിലേക്കു പോകുന്നതും ചട്ടവിരുദ്ധമാണെന്നാണ് ഐഎഎസ് ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിയോടു പരാതിപ്പെട്ടത്. ക്രമക്കേടു നടന്നിട്ടുണ്ടെങ്കിൽ വിജിലൻസിനു നടപടിയെടുക്കുന്നതിൽ തടസ്സമൊന്നുമില്ല. പക്ഷേ, അതിനു മുൻപ് വകുപ്പു മേധാവികളെ അറിയിക്കുകയും പ്രാഥമികാന്വേഷണം ഉൾപ്പെടെ നടപടിക്രമങ്ങൾ പാലിക്കുകയും വേണം. ഊമക്കത്തുകളുടെ പേരിൽ പോലും അന്വേഷണം നടത്തുന്ന അവസ്ഥയായി. വ്യക്തിവൈരാഗ്യം തീർക്കാൻ ഉദ്യോഗസ്ഥർക്കെതിരെ പലരും പരാതി നൽകാറുണ്ട്. ഇതിൽ വകുപ്പുതല അന്വേഷണം നടത്തിയാണു കഴമ്പുണ്ടോ എന്നു പരിശോധിക്കുന്നത്. എന്നാൽ, നിലവിലെ വിജിലൻസ് നടപടിക്രമങ്ങൾ ഇതൊന്നും പാലിക്കാതെയാണെന്നും ഉദ്യോഗസ്ഥർ കുറ്റപ്പെടുത്തി.

മലബാർ സിമന്റ്സ് എം‍ഡിയായിരുന്ന പത്മകുമാറിനെ അറസ്റ്റ് ചെയ്തതു ചട്ടങ്ങളൊന്നും പാലിക്കാതെയാണെന്നും ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി. വിജിലൻസ് കോടതികളുടെ നടപടികളെയും ഉദ്യോഗസ്ഥർ വിമർശിച്ചു. ഗൂഢലക്ഷ്യത്തോടെയുള്ള പരാതികളിലും ത്വരിതാന്വേഷണം നടത്തുന്നതും മാധ്യമങ്ങളിൽ വലിയ അഴിമതി നടത്തിയെന്ന മട്ടിൽ വാർത്തകൾ വരുന്നതും ഉദ്യോഗസ്ഥരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്നതാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

യോഗത്തിനു ശേഷമാണ് മുതിർന്ന ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയെ നേരിട്ടുകണ്ടു പരാതി അറിയിച്ചത്. ഇക്കാര്യം പരിശോധിച്ചു നടപടിയെടുക്കാമെന്നു മുഖ്യമന്ത്രി ഉദ്യോഗസ്ഥരെ അറിയിച്ചു.

Mathrubhumi

9 June 2016

# ലാഭത്തിലും ഉത്പാദനത്തിലും മലബാർ സിമൻറ്സ് ഒന്നാമതെത്തിയെന്ന് മാനേജിങ് ഡയറക്ടർ

പാലക്കാട്: ഉത്പാദനമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിലും ഉത്പാദനത്തിലും മലബാർ സിമൻറ്സ് 2015-16ൽ ഒന്നാമതെത്തിയതായി മാനേജിങ് ഡയറക്ടർ കെ. പത്മകുമാർ അറിയിച്ചു.

കമ്പനിക്കെതിരെ തെറ്റായ വാർത്ത നൽകുന്നതിനെതിരെ വിജിലൻസിൽ പരാതി നൽകിയതായും അദ്ദേഹം വ്യക്തമാക്കി.

കമ്പനിയിൽ എല്ലാ വാങ്ങൽപ്രക്രിയയും ഇ-ടെണ്ടർ വഴിയാണ്. ഇ-സംഭരണം നടപ്പാക്കിയ സംസ്ഥാനത്തെ ആദ്യ പൊതുമേഖലാസ്ഥാപനം മലബാർ സിമൻറ്സാണ്. ഇതുമൂലം സ്വന്തം താത്പര്യം നടക്കാത്തവർ കമ്പനിയുടെ പ്രതിച്ഛായ തകർക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

ചേർത്തല യൂണിറ്റ് തുറന്നു പ്രവർത്തിക്കാനായി. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ 160 കോടി മുടക്കി ബൾക്ക് സിമൻറ് യൂണിറ്റ് തുടങ്ങാനുള്ള പ്രാരംഭ നടപടികളായി. കമ്പനിയുടെ വാർഷിക വിറ്റുവരവ് 1,000 കോടിയിലധികമാക്കാനായി. ലാഭം 150 കോടിയായെന്നും കെ. പത്മകുമാർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

Desabhimani

9 June 2016

# മലബാർ സിമന്റ് ഒന്നാമതെന്ന് മാനേജ്മെന്റ്

പാലക്കാട് > പൊതുമേഖലാസ്ഥാപനങ്ങളിൽ ലാഭത്തിലും ഉൽപ്പാദനത്തിലും മലബാർ സിമന്റ്സ് ഈ സാമ്പത്തികവർഷത്തിൽ ഒന്നാമതെത്തിയതായി എംസിഎൽ മാനേജ്മെന്റ് അറിയിച്ചു. കമ്പനിയിലെ വാങ്ങൽ പ്രക്രിയ ഇ-ടെൻഡർമുഖേനയാണ് നടക്കുന്നത്. ഈ പരിഷ്കാരം വന്നതുകൊണ്ട് സ്വാർഥതാൽപ്പര്യം നടക്കാത്തവർ കമ്പനിയുടെ പ്രതിഛായ തകർക്കുന്ന രീതിയിൽ വാർത്തകൾ ചമച്ച് മാധ്യമങ്ങൾക്ക് നൽകുകയാണെന്നും അതിനെതിരെ വിജിലൻസിൽ പരാതി നൽകിയതായും വാർത്താകുറിപ്പിൽ പറഞ്ഞു. 2011ന് ശേഷം കമ്പനിയിലെ വരവ്- ചെലവ്കണക്കിൽ ആരോപിക്കുന്ന തരത്തിലുള്ള അപാകങ്ങളോ കുറ്റങ്ങളോ സി ആൻഡ് എജി വിഭാഗം ചൂണ്ടിക്കാട്ടിയിട്ടില്ല.

പ്രവർത്തനരഹിതമായ ചേർത്തല യൂണിറ്റ് തുറന്നുപ്രവർത്തിപ്പിക്കാനും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ 160കോടിരൂപ ചെലവിൽ ബൾക്ക് സിമന്റ് യൂണിറ്റ് ആരംഭിക്കാനും തുടക്കംകുറിച്ചു. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് ഇത് ചെയ്തത്. ഇതിലൂടെ കമ്പനിയുടെ വാർഷിക വിറ്റുവരവ് 1000 കോടിയിലധികവും ലാഭം 150 കോടിയായും വർധിപ്പിക്കാൻ കഴിഞ്ഞതായി മാനേജിങ് ഡയറക്ടർ കെ പത്മകുമാർ അവകാശപ്പെട്ടു.

THE TIMES OF INDIA
6 April 2016

# MCL records ₹450 cr turn over last fisc

TIMES NEWS NETWORK


**Palakkad:** The Malabar Cements Ltd (MCL), a state government undertaking, at Walayar near here, has made a profit of Rs 39 crore with a record turnover of Rs 450 crore during 2015-16.

A company release said that MCL has received the first instalment of the state government's loan of Rs 12.08 crore for its Rs 160 crore bulk cement and allied handling project at Cochin Port Trust.

The government loan is interest free and the repayment will start only after five years.

The release said that the company paid Rs.57.88 crore as lease rent to the Cochin Port Trust for the 6.93 acres taken on lease from the Port Trust.

New Indian Express
5 April 2016



# ₹39-cr Profit for MCL During 2015-16 Fiscal

**The turnover of ₹450 cr in 2015-16 was a record one for Malabar Cements Limited**

**Express News Service**

**Palakkad:** The Malabar Cements Limited(MCL) has recorded a profit of ₹39 crore on a turnover of ₹450 crore for the financial year 2015-16. The turnover of ₹450 crore for 2015-16 was a record turnover for MCL. The profit of ₹39 crore was registered after an increased outgo of ₹12 crore as part of the implementation of the service weightage scheme since 2011-12 during the current financial year. MCL had also spent ₹4 crore this year as part of the corporate social responsibility. A statement from the company said that the operations of the Cherthala factory was streamlined since November 2015. The kiln was closed for maintenance for one-and-a-half months during the current financial year.

## BULK CEMENT AND ALLIED HANDLING UNIT

The state government has sanctioned a sum of ₹12.08 crore interest free loan towards the first instalment for the Bulk Cement and Allied Handling unit being set up by MCL in the Kochi port at a cost of ₹160 crore. The government has permitted taking on lease 6.93 acres of the Port trust for settingup the unit. The interest free loan need to be repaid only after five years.The MCL management stated that if the other public sector units to whom it had provided a sum of ₹27.20 crore asequity and loans in 2010 had returned the amount, the company would not haveresorted to availing of loans from banks for setting up the unit in Kochi.

ENS

CHANDRIKA

16 MARCH 2016

# സി.ഐ.ടി.യു ആരോപണം വാസ്തവവിരുദ്ധം ക്ലിങ്കർ ഇറക്കുമതി ലാഭകരം: മലബാർ സിമന്റ്സ്

പാലക്കാട്: സംസ്ഥാനത്തിന്റെ അഭിമാനമായ മലബാർ സിമന്റ്സിൽ അസ്ഥിരത ഉണ്ടാക്കുന്ന രീതിയിൽ മാധ്യമങ്ങളിലൂടെ സി.ഐ.ടി.യു ജില്ലാ ജോയിന്റ് സെക്രട്ടറിയും മലബാർ സിമന്റ്സ് എംപ്ലോയിസ് യൂണിയൻ പ്രസിഡന്റുമായ എസ്.ബി രാജു നടത്തിയ ആരോപണങ്ങൾ വാസ്തവിരുദ്ധമാണെന്ന് കമ്പനി മാനേജിങ് ഡയറക്ടർ കെ.പത്മകുമാർ അറിയിച്ചു.

ആറുതവണ ആഗോളടെണ്ടർ വിളിച്ചതിന് ശേഷമാണ് ഏഴാമത്തെ തവണ കേന്ദ്രസർക്കാരിന്റെ നാഷണൽ ഇൻഫർമേറ്റിവ് സെന്ററിന്റെ പോർട്ടൽ വഴി നടത്തിയ ടെണ്ടറിൽ ക്ലിങ്കർ ഇറക്കുമതിക്ക് കരാർ നൽകാനായത്. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് വാങ്ങുന്ന ക്ലിങ്കറിന്റെ വിലയേക്കാൾ രണ്ടുകോടി രൂപ കുറവാണ് ഇറക്കുമതി ചെയ്യുന്ന ക്ലിങ്കർ വഴി കമ്പനിക്ക് ലാഭം ലഭിക്കുന്നത്. 33,000 മെട്രിക് ടൺ ഇറക്കുമതി ചെയ്യുമ്പോഴാണ് ഈ ലാഭം. ഇതനുസരിച്ച് പ്രതിവർഷം 12 കോടിരൂപയുടെ ലാഭമാണ് മലബാർ സിമന്റ്സിന് ലഭിക്കുന്നതെന്ന് പത്രക്കുറിപ്പിൽ പറഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഭൂമി വാങ്ങിയത് മന്ത്രിസഭാ തീരുമാനപ്രകാരമാണ്.

ഫെഡറൽ ബാങ്കിൽ നിന്നെടുത്ത താത്കാലിക വായ്പ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ഈടിന്മേലാണെന്നും പത്മകുമാർ അറിയിച്ചു. സുതാര്യമായും വികസന ഉദ്ദേശ്യത്തോടുകൂടിയുമുള്ളതാണ് സംസ്ഥാനസർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള നയം. മുൻ വിജിലൻസ് ഡയറക്ടറടങ്ങുന്ന ബോർഡും വ്യവസായവകുപ്പ് സെക്രട്ടറി ചെയർമാനുമായ കമ്പനിക്കെതിരെ ഉന്നയിക്കുന്ന വിഷയങ്ങളെല്ലാം സി.എ.ജി ഓഡിറ്റ് ചെയ്തിട്ടുള്ളതാണ്. മലബാർ സിമന്റ്സിനെതിരെ 2012-13 വർഷത്തിൽ സി.എ.ജി ഒരുപരാമർശവും നടത്തിയിട്ടില്ല. 2014ൽ ചേർത്തല യൂണിറ്റിന് വേണ്ടി 2.84 കോടിരൂപ പലിശയിനത്തിൽ സർക്കാർ നൽകിയ കാര്യം മാത്രമാണ് സി.എ.ജിയുടെ 2011ന് ശേഷമുള്ള ഒരേയൊരു പരാമർശം. മാത്രമല്ല, 2015ൽ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതനുസരിച്ച് ബന്ധപ്പെട്ട രേഖകൾ വ്യവസായവകുപ്പ് അദ്ദേഹത്തിന് പരിശോധനക്ക് നൽകിയതുമാണ്. അന്വേഷണ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ച് കമ്പനി ജീവനക്കാർക്കെതിരെ കേസെടുപ്പിക്കുകയും കമ്പനിയുടെ ഔദ്യോഗികരേഖകൾ അനധികൃതമായി കൈക്കലാക്കി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്നതും അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മലബാർസിമന്റ്സിലെ അഴിമതിയും ക്രമക്കേടും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് മുഖേന താൻ വിജിലൻസ് ഡയറക്ടർക്ക് ഈമാസം ഏഴിന് പരാതി നൽകിയതായി ഇന്നലെ രാവിലെ പാലക്കാട് പ്രസ്ക്ലബിൽ സി.ഐ.ടി.യു നേതാവ് എസ്.ബി രാജുവും മറ്റും വാർത്താസമ്മേളനത്തിൽ പറഞ്ഞിരുന്നു.

MATHRUBHUMI

24 January 2016

# കൊച്ചി തുറമുഖത്ത് മലബാർ സിമന്റ്സിന് ഏഴ് ഏക്കർ

പാലക്കാട്: കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ എറണാകുളം വാർഫിലെ 6.93 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ മലബാർ സിമന്റ്സ് 57.89 കോടി രൂപ പോർട്ട് ട്രസ്റ്റിന് കൈമാറി.

30 വർഷത്തേക്ക് പാട്ടത്തിനാണ് സ്ഥലമെടുക്കുന്നത്. കാലയളവിലേക്കുള്ള മുഴുവൻ പാട്ടത്തുകയും മുൻകൂറായി കൈമാറുകയായിരുന്നു. മലബാർ സിമന്റ്സ് ലോജിസ്റ്റിക് ഹബ്ബിന് വേണ്ടിയാണ് സ്ഥലം ഉപയോഗിക്കുക. സംസ്ഥാനത്തെ നിർമാണമേഖലയ്ക്കാവശ്യമായ സാധനസാമഗ്രികൾ മിതമായ നിരക്കിൽ എത്തിച്ചുകൊടുക്കാൻ ലക്ഷ്യമിട്ടാണ് പുതിയ പദ്ധതി ആസൂത്രണം ചെയ്യുന്നത്. 160 കോടി രൂപയാണ് ഇതിനുവേണ്ടി മുതൽമുടക്കുക.

### 57.89 കോടി രൂപ പോർട്ട് ട്രസ്റ്റിന് കൈമാറി

പ്രതിവർഷം പത്തുലക്ഷം ടൺ നിർമാണ സാമഗ്രികൾ വിതരണം ചെയ്യാനാണ് നീക്കം. രൂക്ഷമായ മണൽക്ഷാമമാണ് ഇവിടെ നിർമാണമേഖല നേരിടുന്ന മുഖ്യപ്രശ്നം.

ആഗോള ടെൻഡർവിളിച്ച് വിദേശത്തുനിന്ന് ഗുണമേന്മയുള്ള മണൽ കപ്പൽമാർഗം കൊണ്ടുവരും. മലബാർ സിമന്റ്സ് ഡീലർമാർ മുഖാന്തരമായിരിക്കും വിപണനം. ഇതിനുപുറമെ മറ്റ് നിർമാണ സാമഗ്രികളും വിപണനം ചെയ്യും.

തുറമുഖത്ത് മലബാർ സിമന്റ്സ് വിഭാവനം ചെയ്യുന്ന പദ്ധതികളുടെ നടപടി ഉടനുണ്ടാകും. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം ഫിബ്രവരിയിൽ നടക്കുമെന്ന് അധികൃതർ അറിയിച്ചു.

## മലബാർ സിമന്റ്സ് എം.ഡി. കെ. പത്മകുമാറിന് ഇന്റർനാഷണൽ എക്സലൻസ് പുരസ്കാരം



കെ. പത്മകുമാർ

പാലക്കാട്: ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് സ്റ്റഡീസിന്റെ ഇന്റർനാഷണൽ എക്സലൻസ് അവാർഡ് മലബാർ സിമന്റ്സ് മാനേജിങ് ഡയറക്ടർ കെ. പത്മകുമാറിന് ലഭിച്ചു. സംഘടനയുടെ സ്വർണപ്പതക്കത്തിന് മലബാർ സിമന്റ്സും അർഹമായി.

സിഡ്കോയുടെകൂടി എം.ഡിയായ പത്മകുമാർ ആർ.ഐ.എ.ബി. സെക്രട്ടറിയുമാണ്. തിരുവനന്തപുരം സ്വദേശിയാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് സ്റ്റഡീസ് ഫിബ്രവരി 25ന് ദുബായിൽ ഇൻഡോ-യു.എ.ഇ. ഇക്കണോമിക് കോ-ഓപ്പറേഷൻ സെമിനാർ നടത്തും. ഇതിന്റെ ഭാഗമായി നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

Kerala Kaumudi

9 January 2016

# മലബാർ സിമന്റ്സ്: നഷ്ടം വരുത്തിയ കരാറുകാരനെതിരെ നടപടിയില്ല

കൊച്ചി: മലബാർ സിമന്റ്സിന് ലാഭത്തിൽ വൻ കുറവ് വന്നതിന് കാരണം എ.ആർ.കെ വുഡ് ആൻഡ് മെറ്റൽ കമ്പനി ഫ്ലൈ ആഷ് വിതരണം ചെയ്യാത്തതാണെന്ന അന്വേഷണ റിപ്പോർട്ടിൽ കരാറുകാരനെതിരെ നടപടിയെടുക്കാത്തതിൽ ദുരൂഹത. മലബാർ സിമന്റ്സ് മുൻ എം.ഡി അൽക്കേഷ് കുമാർ ശർമ 2011 മേയ് 30ന് സമർപ്പിച്ച റിപ്പോർട്ടിൽ കമ്പനിക്കെതിരെ സിവിലായാലും ക്രിമിനലായും നടപടി വേണമെന്ന് ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ കരാർ ലംഘനത്തിന് കമ്പനിക്കെതിരെ നിയമ നടപടി ഇനിയും സ്വീകരിച്ചിട്ടില്ല. രണ്ട് ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി തുകയും പിടിച്ചെടുത്തതുമില്ല. വക്കീൽ നോട്ടീസ് അയച്ചെങ്കിലും കോടതിയിൽ കേസ് ഫയൽ ചെയ്തില്ല.

ഈ വീഴ്ചകൾക്ക് ഉത്തരവാദികൾ മാനേജർ (മെറ്റീരിയൽസ്), ലീഗൽ ഓഫീസർ, മാനേജർ (ഫിനാൻസ്) എന്നിവരാണെന്ന് ആരോപണമുണ്ട്. അന്വേഷണ റിപ്പോർട്ടിൽ തുടർ നടപടികൾ കൈക്കൊള്ളാൻ സർക്കാരിനും കമ്പനിക്കും നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി നിലവിലുണ്ട്.

DESABHIMANI
1 December 2015

# വ്യാജവാർത്തകൾ മലബാർ സിമന്റ്സിനെ തകർക്കാൻ

പാലക്കാട് > പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിനെതിരെ നിരന്തരം വരുന്ന വ്യാജവാർത്തകൾ ചിലരെ സഹായിക്കാനും കമ്പനിയുടെ പുരോഗതിയെ തടസ്സപ്പെടുത്താനും ആണെന്ന് എംഡി കെ പത്മകുമാർ വാർത്താകുറിപ്പിൽ പറഞ്ഞു.

അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് വരുന്നത്. ചില സിമന്റ് കമ്പനികളെ സഹായിക്കാനും സ്വകാര്യ ഏജൻസികൾക്ക് ഗുണമുണ്ടാക്കാനുമാണ് ഇത്തരം വാർത്തകൾ. ഇതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് അന്വേഷണഏജൻസികൾക്ക് കത്തുനൽകിയതായും വാർത്താകുറിപ്പിൽ അറിയിച്ചു.

Malayala Manorama

1 December 2015

# മലബാർ സിമന്റ്സിന്റെ വിപണി തടസ്സപ്പെടുത്താൻ നീക്കമെന്ന് ആരോപണം

പാലക്കാട് • സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിനെതിരെ വ്യാപകമായ തോതിൽ ഊമക്കത്തുകളും വ്യാജപ്രചാരണങ്ങളും നടത്തി സ്ഥാപനത്തെ മോശമാക്കാൻ സംഘടിത ശ്രമം നടക്കുന്നതായി മാനേജിങ് ഡയറക്ടറുടെ ആരോപണം.

കരാറുകാർക്കും ജീവനക്കാർക്കും സ്ഥാപനവുമായി ബന്ധപ്പെടുന്ന കമ്പനി മേധാവികൾക്കുമാണു സിമന്റ്സിനെക്കുറിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു കത്തുകൾ അയയ്ക്കുന്നത്. വ്യക്തിപരമായ പകയുടെ പേരിൽ വിജിലൻസിനു പരാതികൾ നൽകുന്ന പതിവുമുണ്ട്. ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്നു കരാറുകാരെ തടയാനും ശ്രമം നടക്കുന്നതായാണു മാനേജിങ് ഡയറക്ടർ കെ. പത്മകുമാറിന്റെ ആരോപണം. അന്വേഷണ ഏജൻസികൾക്കും സർക്കാരിനും നൽകിയ റിപ്പോർട്ടിലാണ് അദ്ദേഹം ഇതു പറയുന്നത്. സ്ഥാപനത്തിൽ അഴിമതി ഇല്ലാതാക്കാനും സുതാര്യത ഉറപ്പുവരുത്താനുമായി സ്വീകരിച്ച നടപടികൾ ചിലരെ ചൊടിപ്പിച്ചിരിക്കുകയാണ്. അവർ എതിർ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണു സ്വീകരിക്കുന്നതെന്നും എംഡി കുറ്റപ്പെടുത്തി.

ചേർത്തല യൂണിറ്റ് പ്രവർത്തനം തുടങ്ങിയും കൊച്ചി തുറമുഖത്ത് സിമന്റ് കൈകാര്യകേന്ദ്രം ഉൾപ്പെടെ ആരംഭിച്ചും വിപണി വിപുലീകരിക്കാൻ കഠിന പ്രയത്നം നടത്തുന്നതിനിടെയാണു സ്ഥാപനത്തിനെതിരെയുള്ള നീക്കമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.